# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2960 07.11.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികൾ**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികൾ ഈ വർഷം ഡിസംബർ 31 നകവും തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണം അടുത്ത വർഷം ജനുവരി 31 നകവും പൂർത്തിയാക്കുന്ന കാര്യം സർക്കാർ ഉറപ്പു വരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയു ണ്ടായോയെന്ന് അറിയിക്കാമോ; | എ) | WP(C) No. 32680 നമ്പർ കേസിലെ വിധി പ്രകാരം വകുപ്പിന് കീഴിലെ റോഡുകൾ ഡിസംബർ 31-നകം ഗതാഗതയോഗ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിസംബർ 31-നകം എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡുകളുടെ വിവരങ്ങൾ Kerala PWD Website-ൽ upload ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ദേശീയപാതകളുടെ അറ്റകുറ്റപണികൾ ഈ വർഷം ഡിസംബർ 31 നകം പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) രണ്ടു വർഷം തുടർച്ചയായുണ്ടായ പ്രളയം റോഡുകളുടെ തകർച്ചക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഭൂമിക്കടിയിലുണ്ടാകുന്ന വ്യതിയാനങ്ങളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കാൻ ഉതകുന്ന റോഡ് നിർമ്മാണ രീതികൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ബി) | രണ്ടു വർഷം തുടർച്ചയായുണ്ടായ പ്രളയം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള റോഡുകളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.<br>നിരത്തു വിഭാഗത്തിനു കീഴിൽ പ്രകൃതി ദുരന്തങ്ങളേയും, കാലാവസ്ഥാ വ്യതിയാനങ്ങളേയും അതിജീവിക്കുന്ന രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ |

കിഫ്ബി ഫണ്ട് ഉപയോഗിച്ച് മണ്ണിന്റെ ഘടന, ട്രാഫിക് സാന്ദ്രത എന്നിവ കണക്കിലെടുത്ത് റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു. മഴക്കാലത്തെ അതിജീവിക്കുന്നതിനായി റോഡുകൾ ഈടു നിൽക്കുന്ന ബി.എം&ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. 15 മുതൽ 20 വർഷം വരെ ഈടു നിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ചെയ്യുന്നതിനും പരിഗണിച്ചു വരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കെ.ആർ.എഫ്.ബി യുടെ കീഴിൽ ശംഖുമുഖം ബീച്ച് റോഡ് 300 മീറ്റർ തകർന്നിട്ടുണ്ട്. ആയതിന്റെ പുനസ്ഥാപനത്തിനായി പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പ് ഡി.പി.ആർ തയ്യാറാക്കി വരുന്നു.

സി) റോഡു നിർമ്മാണത്തിന്റെ കരാർ ഏറ്റെടുക്കുന്നവർ തന്നെ അതിന്റെ പരിപാലന ചുമതല നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അത് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സി) നിരത്തു വിഭാഗത്തിനു കീഴിൽ G.O.(Ms) No. 73/2013/PWD പ്രകാരം ഓരോ പ്രവൃത്തികൾക്കും ഗ്യാരന്റി പീരീഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ഗ്യാരന്റി പീരീഡിനുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന റോഡുകൾ കരാറുകാരന്റെ ചിലവിൽ തന്നെ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും EPC mode- ആണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ

റിന്യൂവൽ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരീഡും ഫ്ലെക്സിബിൾ പേയ്മെന്റിൽ നിർമ്മിക്കുകയോ, സ്ട്രെങ്ത്തെനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷവും ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് ഉണ്ട്. പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാന്റ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും 10 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് ഉണ്ട്. മറ്റ് പ്രവൃത്തികൾക്ക് 40 എം.എം ൽ കൂടുതൽ ഘനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരീഡും അതിൽ കുറവ് ഘനമുള്ളവയ്ക്ക് 1 വർഷവുമാണ് ഡിഫക്റ്റ് ലയബിലിറ്റി പീരീഡ്. ഡിഫക്റ്റ് ലയബിലിറ്റി പീരീഡിനുള്ളിൽ കേടുപാടുകൾ സംഭവിച്ചാൽ ആയത് കരാറുകാരൻ തന്നെ സ്വന്തം ചെലവിൽ പരിഹരിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള റോഡുകൾ ഡി.ബി.എഫ്.ഒ.റ്റി വ്യവസ്ഥയിൽ നിർമ്മിച്ച് 15 വർഷത്തെ പരിപാലനവും അതാത് കമ്പനി തന്നെ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**